**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2299** **12-10-2021 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം നിയന്ത്രിയ്ക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിലക്കയറ്റ നിരക്ക് വർദ്ധിച്ചു വരികയും ഗ്രാമപ്രദേശങ്ങളിലും നഗര പ്രദേശങ്ങളിലും വിലക്കയറ്റ നിരക്കിൽ വലിയ അന്തരമുണ്ടാകുകയും ചെയ്തുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം നിയന്ത്രിയ്ക്കുന്നതിനുള്ള നടപടികൾ ഫലപ്രദമാകാത്തതിന് കാരണമെന്താണ്; വ്യക്തമാക്കുമോ; | (എ) | ഏത് സാധനങ്ങളുടെ വിലയുടെ കാര്യമാണ് ചോദ്യത്തിൽ പ്രസ്താവിക്കുന്നത് എന്നതിൽ വ്യക്തത ഇല്ല. അതുകൊണ്ട് തന്നെ സ്പഷ്ടമായ മറുപടി ഇക്കാര്യത്തിൽ പറയുന്നതിന് സാധിക്കുന്നില്ല. സംസ്ഥാനത്തിന്റെ ഏതെങ്കിലും ചില പ്രദേശങ്ങളിൽ വിലക്കയറ്റം വളരെ കൂടുതലാണ് എന്നുള്ള തരത്തിലുള്ള റിപ്പോർട്ടുകളൊന്നും സംസ്ഥാന സർക്കാരിനു ലഭിച്ചിട്ടില്ല. വിപണിയിൽ ഇടപെട്ട് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനുള്ള ഫലപ്രദമായ ഇടപെടലുകൾ സർക്കാർ നടത്തുന്നുണ്ട്. അതിനു ഫലവും കണ്ടിട്ടുണ്ട്. |
| (ബി) | ജില്ല അടിസ്ഥാനത്തിൽ വിലക്കയറ്റം പരിശോധിച്ചാൽ മലപ്പുറം പോലുള്ള ജില്ലകളിൽ മറ്റ് പല ജില്ലകളെ അപേക്ഷിച്ച് വിലക്കയറ്റം കൂടുതലാണെന്നതിന് കാരണമെന്താണ്; വിലക്കയറ്റം കൂടിയ ഇത്തരം ജില്ലകളിൽ വിലനിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സംവിധാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (ബി) | ഗതാഗത സൗകര്യങ്ങളിലെ വ്യത്യാസവും ദൂരത്തിലുള്ള വ്യത്യാസവും നിമിത്തം സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ സാധനങ്ങളുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ സ്വാഭാവികമാണ്. എന്നാൽ വളരെ വലിയ അളവിലുള്ള വ്യത്യാസം ഒരു പ്രദേശത്തും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലപ്പുറത്ത് അങ്ങനെ പ്രത്യേക രീതിയിലുള്ള വിലക്കയറ്റം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ